# അക്കാദമിക മാസ്റ്റർ പ്ലാൻ-2025-26

# AMLPS IYYATHINGAL
# school code :18312



| | |
|---|---|
| IYYATHIGAL,PUNCHAPADAM,VAZHAYOOR VAZHAYOOR EAST POST പി.ഒ., 673633, മലപ്പുറം ജില്ല | |
| **സ്ഥാപിതം** | 1931 |
| **വിവരങ്ങൾ** | |
| **ഫോൺ** | 04832080344 |
| **ഇമെയിൽ** | iyyathingalamlps@gmail.com |
| **കോഡുകൾ** | |
| **സ്കൂൾ കോഡ്** | 18312 (സമേതം) |
| **യുഡൈസ് കോഡ്** | 32050200208 |
| **വിക്കിഡാറ്റ** | (Q64564744) |
| **വിദ്യാഭ്യാസ ഭരണസംവിധാനം** | |
| **റവന്യൂ ജില്ല** | മലപ്പുറം |
| **വിദ്യാഭ്യാസ ജില്ല** | മലപ്പുറം |
| **ഉപജില്ല** | കൊണ്ടോട്ടി |
| **ബി.ആർ.സി** | morayoor(kondotty) |

| | |
|---|---|
| **ലോകസഭാമണ്ഡലം** | malappuram |
| **നിയമസഭാമണ്ഡലം** | kondotty |
| **താലൂക്ക്** | kondotty |
| **ബ്ലോക്ക് പഞ്ചായത്ത്** | kondotty |
| **തദ്ദേശസ്വയംഭരണസ്ഥാപനം** | vazhayoor |
| **വാർഡ്** | 6 |
| **സ്കൂൾ ഭരണ വിഭാഗം** | |
| **പഠന വിഭാഗങ്ങൾ** | എൽ.പി |
| **സ്കൂൾ നേതൃത്വം** | |
| **പ്രധാന അദ്ധ്യാപകൻ** | UMMAR KOYA AK |
| **പി.ടി.എ. പ്രസിഡണ്ട്** | BASHEER KK |
| **എം.പി.ടി.എ.** | ROUFATH |



# തനത് പദ്ധതികൾ

## മുന്നേറ്റംപ്രവർത്തന പുസ്തകം
## ( മേഖല: ഭാഷ)

എല്ലാ കുട്ടികളും സ്വതന്ത്ര രചയിതാക്കളും വായനക്കാരും ആയി തീരേണ്ടതുണ്ട്.
മുന്നേറ്റം പ്രവർത്തന പുസ്തകം
ഭാഷാപ്രവർത്തനങ്ങൾ പ്രയാസം നേരിടുന്ന കുട്ടികൾക്കായി
കുട്ടികൾ ലേഖനത്തിൽ നേരിടുന്ന സ്വരവ്യജനചിഹ്നങ്ങൾ പരിഹരിക്കൽ
കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കി മാറ്റാൻ അധ്യാപകർ ചേർന്ന് തയ്യാറാക്കിയ തനത് വർക്ക് ഷീറ്റുകൾ വച്ചുള്ള പ്രവർത്തന പുസ്തകമാണ് മുന്നേറ്റം. ഇത് ക്ലാസ് അടിസ്ഥാനത്തിൽ നടത്തി വരുന്നു.കൃത്യമായ മോണിറ്ററി ങ്ങ് സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്

# ENGLISH SPECIAL PROGRAM

# eee English

കുട്ടികളെ ഇംഗ്ലീഷ് വായിപ്പികാൻ പ്രാപ്തരാക്കാൻ വേണ്ടിയുള്ള പ്രത്യേക പോഗ്രാ മാണിത്.
( ENRICH , ENJOY,EXPlORE) ee eenglish
ഓരോ ദിവസവും ഒരു ഇംഗ്ലീഷ് വാക്ക് അതിന്റെ മലയാളം അർത്ഥവും അത് വെച്ച് v1,v2,v3, ഫോമിൽ തയ്യാറാക്കിയ sentence പ്രത്യേക ഇംഗ്ലീഷ് ക്ലബ്ബിന്റെ ബോർഡിൽ അതതു ദിവസം പ്രദർശിപ്പിക്കും. ഓരോ ക്ലാസ് ടീച്ചറും ക്ലാസിൽ നിശ്ചിത സമയം ഈ വാക്കും ഇത് വെച്ചിട്ടുള്ള സെന്റെൻസും പഠിപ്പിക്കുന്നു. ഫെബ്രുവരി മാർച്ച് മാസങ്ങളിൽ ഇതുവരെ പഠിച്ച എല്ലാ സെന്റെൻസുകളും ഉപയോഗിച്ച് കുട്ടികൾ സംസാരിക്കാൻ പ്രാക്ടീസ് ചെയ്ത് ' ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യാൻ അവരെ പ്രാപ്തരാക്കുന്ന പ്രോഗ്രാമാണ് eee english .



# ഐടി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ,ക്ലാസ് റൂമുകളിൽ ഐടി സാധ്യത പരമാവധി പ്രയോജനപ്പെടുത്തൽ

ജൂലൈ മുതൽ ഡിസംബർ വരെ
ഒന്നു മുതൽ നാലാം ക്ലാസ് വരെയുള്ള മുഴുവൻ
കുട്ടികൾക്കും നിശ്ചിത പിരീഡുകൾ
അനുവദിച്ചും,ഒഴിവുസമയങ്ങൾ
പ്രയോജനപ്പെടുത്തിയുംഐടി ടെക്സ്റ്റ് പുസ്തകം
,കൈറ്റ് സഹായത്തോടെ സ്കൂളിൽ ലഭ്യമാക്കിയ
ലാപ്ടോപ്പുകൾ ഉപയോഗിച്ച് ഐടി പ്രാക്ടിക്കൽ
എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നതിനായി
ടൈംടേബിൾ സജ്ജീകരിക്കുകയും,ഐടി ക്ലാസ്സും
ചെയ്തിട്ടുണ്ട്.
കൂടാതെ സ്കൂൾ  പി.ടി.എ നേതൃത്വത്തിൽ ഐടി
വിഷയത്തിൽപ്രാവീണ്യമുള്ള ഒരു സ്പെഷ്യൽ ടീച്ചറെ
ജൂലൈ മുതൽ ഡിസംബർ വരെ നിയമിച്ചിട്ടുണ്ട്. ഈ
കാലയളവിനുള്ളിൽ മുഴുവൻ കുട്ടികൾക്കും ഐടി
വിദ്യാഭ്യാസം ഉറപ്പാക്കും.
ക്ലാസ് റൂമുകളിലും ഐടി സാങ്കേതികവിദ്യ പരമാവധി
ഉറപ്പാക്കാൻ വേണ്ട പ്രവർത്തനങ്ങളും ക്ലാസ്സ്
ആസൂത്രണം ചെയ്തിട്ടുണ്ട്.

# കുട്ടികൾ സ്വതന്ത്ര വായനക്കാർ

ഒന്നാം ക്ലാസ് കുട്ടികൾക്ക് ഓരോ
പാഠഭാഗവുമായി ബന്ധപ്പെട്ട വായനാ
കാർഡുകൾ മുൻകൂട്ടി തയ്യാറാക്കി .
മലയാളത്തിൽ മാത്രം 150 വായനകാർഡുകൾ
ഉണ്ട്. ആദ്യത്തെ 3 യൂണിറ്റിന്റെവായന
കാർഡുകൾ മാർച്ച് മാസം അവസാനം
ശിൽപ്പശാല വിളിച്ച് തയ്യാറാക്കി വയ്ക്കുന്നു.
പാഠഭാഗം എടുക്കുന്നതിന് അനുസരിച്ച് അതത്
ദിവസം നോട്ടിൽ നൽകുന്നു. അത് വായിക്കുന്നു.
ഒരു പാഠം കഴിഞ്ഞ് ഒരു യൂണിറ്റിന്റെ മുഴുവൻ
വായന കാർഡും റിവിഷൻ ചെയ്യുന്നു.
2 മുതൽ 4 വരെ ക്ലാസുകളിൽ മാതൃക
പിൻതുടരുന്നു.

# പ്രതിമാസ ക്ലാസ് തല ക്വിസ് മത്സരങ്ങൾ& മെഗാ ക്വിസ് മത്സരം

ഒന്നാം ക്ലാസ് മുതൽ 4 -ാം ക്ലാസ് വരെ ജൂൺ മാസം മുതൽ ജനുവരി മാസം വരെ 25 - മുതൽ 30 വരെ ചോദ്യങ്ങൾ ( ആനുകാലികം,gk , ഓരോ മാസത്തിലേയും പ്രത്യേക ദിനങ്ങളെ പറ്റി) നൽകി. ഒരു മാസത്തിലധികം സമയം നൽകി പ്രതിമാസ മത്സരങ്ങളും സമ്മാനവും നൽകുന്നു. ഇതേ മാതൃകയിൽ രക്ഷിതാക്കളെ സ്കൂളിലേക്ക് ആകർഷിപ്പിക്കാൻ ഈ അധ്യയന വർഷവും നടത്തുന്നു. പ്രതിമാസ ചോദ്യങ്ങൾ വെച്ചു കൊണ്ട് മാർച്ച് മാസം ആദ്യവാരം വാർഷിക പരീക്ഷയ്ക്ക് മുന്നേ മെഗാ ക്വിസ് മത്സരം നടത്തുന്നു. ഫെബ്രുവരി മാസം കുട്ടികൾക്ക് തയ്യാറെടുപ്പിനുള്ള സമയം നൽകുന്നു.

# പരിസ്ഥിതി സംരക്ഷണം, ഹരിത വിദ്യാലയം

**സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പച്ചക്കറി കൃഷി പ്രവർത്തനങ്ങൾ എല്ലാ വർഷവും നടത്തുന്ന പോലെ തന്നെ വിപുലമായ പച്ചക്കറി കൃഷി കുട്ടികളുടെയും, അധ്യാപകരുടെയും നേതൃത്വത്തിൽ നടത്താനും , വിളവെടുപ്പ് വീഡിയോകൾ  അപ്‌ലോഡ് ചെയ്യാനും,സ്കൂൾ പച്ചക്കറി തോട്ടത്തിലുള്ള പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ഉപയോഗിക്കാനുള്ള ആസ്ഥാനങ്ങൾ ജൂൺ മാസം മുതൽ നടത്തുന്നു.**

ചിങ്ങം ഒന്ന് കർഷകദിനത്തിൽ കൂടുതൽ വിപുലമാക്കി തോട്ടത്തെ മാറ്റുന്നു.

**പഞ്ചായത്തിലെ A ഗ്രേഡ് ഹരിത വിദ്യാലയ സ്ഥാപനമായ സ്കൂളിൽമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്.**

**ബയോഗ്യാസ്**

**പോലുള്ള സംവിധാനങ്ങൾ സ്കൂളിൽ ഇല്ല പിടിഎ, സന്നദ്ധ സംഘടനകളും ആയി ശ്രമിച്ചു കൊണ്ട് ഉന്നത നിലവാരമുള്ള വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കാൻ ശ്രമം നടത്തിവരുന്നു.പരമാവധി മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.**

# അറബി പഠന പരിപോഷണ പ്രവർത്തനങ്ങൾ

**അലിഫ് അറബിക് ക്ലബിന്റ നേതൃത്വത്തിൽ ക്വിസ്, സാഹിത്യ മത്സരങ്ങളിൽ വിജയം കൈവരിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ജൂൺ മാസം മുതൽ നടപ്പിലാക്കുന്നു.**
**വിവര വിനിമയ സാങ്കേതിക വിദ്യ യുടെ  സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനാവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുന്നു**
**കുട്ടി നോട്ട് ബുക്കിൽ പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, പ്രത്യേക പ്രിറ്റഡ് മെറ്റീരിയലുകൾ 1,2ക്ലാസിലേക്ക് പ്രത്യേകമായും മറ്റ് ക്ലാസുകളിലേക്കും ജൂൺ മാസം മുതൽ തയ്യാറാക്കി നൽകുന്നു.**

# റീഡിങ്ങ് കോർണർ & പത്ര വായന

സ്കൂൾ ലൈബ്രറിയിൽ നിശ്ചിത സമയ
ക്രമം പാലിച്ച് കുട്ടികൾക്ക്
വിവിധ ലൈബ്രറി പുസ്തകങ്ങൾ
റീഡിങ്ങ് കോർണറിൽ ഒരുക്കിയിട്ടുണ്ട്.
ക്ലാസ് തല ലൈബ്രറികൾ ജൂൺ മാസം
മുതൽ
സജ്ജമാക്കുന്നു.
ആനുകാലിക വിവരങ്ങൾ അറിയാൻ
2 മുതൽ4ാം ക്ലാസ് വരെ ജൂൺ മാസം
മുതൽ മാർച്ച് വരെ മലയാള ദിനപത്രം
ഉറപ്പാക്കായിട്ടുണ്ട്. ക്ലാസ് തലത്തിൽ
കുട്ടികൾ അത് വായിക്കുന്നുണ്ടോ എന്ന്
ടീച്ചേഴ്സ് മോണിറ്റർ ചെയ്യുന്നു.

# ജനകീയ സ്പോർട്സ്

കുട്ടികളുടെ കായിക ശേഷി,ഒഴിവു വേളകൾ
ആഹ്ലാദകരമാക്കുന്നതിനായിസ്കൂളിൽ പാർക്ക്
സംവിധാനം ഒരുക്കിയിട്ടുണ്ട്. സ്കൂൾ സ്പോർട്സ്
കൂടാതെ ജനുവരി മാസം അവസാനത്തോടു
കൂടി സ്കൂളിലെ എൽകെജി മുതൽ നാലാം ക്ലാസ്
വരെയുള്ള മുഴുവൻ രക്ഷിതാക്കളുടെയും
നേതൃത്വത്തിലാണ് ജനകീയ സ്പോർട്സ് നടക്കുക.
വിവിധ തരം മത്സരങ്ങൾ അതിനുള്ള
സജ്ജീകരണങ്ങൾ ഒരുക്കൽ,കുട്ടികൾക്ക് ഗ്രേഡ്
ഇടൽ,വിജയിയെ കണ്ടെത്തൽ,തുടങ്ങി മുഴുവൻ
കാര്യങ്ങളും രക്ഷിതാക്കളുടെ മേൽനോട്ടത്തിൽ
വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ്
നടത്തുന്നു.വർഷങ്ങളായി സ്കൂളിൽ നടന്നുവരുന്ന ഈ
പ്രവർത്തനം കൂടുതൽ പുതുമകളോടെ 2025-26
അധ്യയന വർഷവും നടപ്പാക്കുന്നു.

# എയറോബിക്സ്

ഓരോ മാസത്തിലും സ്കൂൾ അസംബ്ലി ഹാളിൽ
നിന്നും കുട്ടികൾക്ക് ലഘു വ്യായാമ മുറകൾ
വേണ്ട ക്രമീകരണങ്ങൾ ഈ അക്കാദമിക
വർഷത്തിൽ ഒരുക്കിയിട്ടുണ്ട്. അതിനുവേണ്ട
ശബ്ദസംവിധാനങ്ങൾ മുൻകൂട്ടി തന്നെ
തയ്യാറാക്കിയിട്ടുണ്ട്.

# സഹവാസ ക്യാമ്പ്, ബാലസഭ, തെളിച്ചം സ്കൂൾ മാഗസിൻ

3,4  ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ജനുവരി അവസാന വാരം രാവിലെ 9 മുതൽ  രാത്രി 9 മണി വരെ നീണ്ടുനിൽക്കുന്ന സഹവാസ ക്യാമ്പ് " ഒന്നിച്ചൊന്നായ് " എന്ന പേരിൽ നടത്തും. ഔട്ടിങ്ങ്   പ്രദേശത്തെ പ്രകൃതി രമണീയമായ സ്ഥലത്തേക്കാവും, പകൽ പ്രവൃത്തി പരിചയ ശില്പശാല, കലാപരിപാടികൾ, വൈകീട്ട് ഗെയിംസ്, ക്യാമ്പ് ഫയർ, അവലോകനം, ബെസ്റ്റ് ക്യാമ്പർ സെലക്ഷൻ എന്നിങ്ങനെയാണ് പോഗ്രാം ആസൂത്രണം ചെയ്തിരിക്കുന്നത്.

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ ഓരോ മാസവും ബാല സഭ നടത്തി എല്ലാ കുട്ടികൾക്കും സ്റ്റേജിൽ അവതരിപ്പിക്കാൻ ക്ലാസ് തല പ്ലാനിംഗ് നട ത്തുന്നു. കുട്ടികളുടെ രചിച്ച സൃഷ്ടികൾ ചേർത്ത വെച്ച് "തെളിച്ചം " കയ്യെഴുത്ത് മാഗസിൻ മൂന്ന് ടേമുകളായി തയ്യാറാക്കുന്നു.

# ഹരിതവിദ്യാലയം, ലൈബ്രറയിലേക്കൊരു പുസ്തകം

**ഹരിത വിദ്യാലയത്തിന്റെ ഭാഗമായി ജൂൺ മാസം തന്നെ കുട്ടികളുടെ ഹരിത സഭ അംഗങ്ങളെ തിരഞ്ഞെടുക്കുന്നു.**

മാലിന്യ ശേഖരണ ബിന്നുകൾ ഉപയോഗ യോഗ്യമാക്കുന്നു. എഴുതി തീർന്ന  സമ്പാദ്യം, നുണഞ്ഞ് തീർന്ന മധുരം, വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നു . ആഴ്ച്ചയിൽ ചേരുന്ന ( തിങ്കൾ, ബുധൻ, വെള്ളി) ദിവസങ്ങളിൽ അവലോകനം നടത്തുന്നു. പിറന്നാൾ ദിനത്തിൽ മിഠായിക്ക് പകരം ഒരു ബുക്കോ, പൂച്ചെടിയോ സ്വീകരിക്കുന്ന രീതി ജൂൺ മാസം മുതൽ പിൻതുടരുന്നു.

# പരിസ്ഥിതി സംരക്ഷണം, ഹരിത വിദ്യാലയം

**സ്കൂൾ പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്കൂൾ പച്ചക്കറി കൃഷി പ്രവർത്തനങ്ങൾ എല്ലാ വർഷവും നടത്തുന്ന പോലെ തന്നെ വിപുലമായ പച്ചക്കറി കൃഷി കുട്ടികളുടെയും, അധ്യാപകരുടെയും നേതൃത്വത്തിൽ നടത്താനും , വിളവെടുപ്പ് വീഡിയോകൾ  അപ്‌ലോഡ് ചെയ്യാനും,സ്കൂൾ പച്ചക്കറി തോട്ടത്തിലുള്ള പച്ചക്കറികൾ ഉച്ചഭക്ഷണത്തിൽ ഉപയോഗിക്കാനുള്ള ആസ്ഥാനങ്ങൾ ജൂൺ മാസം മുതൽ നടത്തുന്നു.**

ചിങ്ങം ഒന്ന് കർഷകദിനത്തിൽ കൂടുതൽ വിപുലമാക്കി തോട്ടത്തെ മാറ്റുന്നു.

**പഞ്ചായത്തിലെ A ഗ്രേഡ് ഹരിത വിദ്യാലയ സ്ഥാപനമായ സ്കൂളിൽമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്.**

**ബയോഗ്യാസ്**

**പോലുള്ള സംവിധാനങ്ങൾ സ്കൂളിൽ ഇല്ല പിടിഎ, സന്നദ്ധ സംഘടനകളും ആയി ശ്രമിച്ചു കൊണ്ട് ഉന്നത നിലവാരമുള്ള വേസ്റ്റ് ബിന്നുകൾ സ്ഥാപിക്കാൻ ശ്രമം നടത്തിവരുന്നു.പരമാവധി മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.**